# മേലടി എം.എൽ.പി സ്കൂൾ

# നിറവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–26

Meladi MLP School

# ACADEMIC MASTER PLAN

STD - I

2025-2026

P.P. Ummu Hani Teacher.

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും മറ്റുള്ളവരുമായി സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം ഒരുക്കുന്നു
- രചനോത്സവം ഒരുക്കുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒറ്റക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒറ്റക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒറ്റക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് - 2

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ക്ലാസ് 2

## മലയാളം

### ആമുഖം

മേലടി എം.എൽ.പി സ്കൂളിൽ 2025-26 അധ്യയന വർഷം 17 കുട്ടികൾ രണ്ടാംക്ലാസിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കുന്നതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളിലും പ്രകടമായ മാറ്റം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന്
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിലൂടെ ഓരോ കുട്ടിയുടെയും പതിപ്പ് തയ്യാറാക്കി പ്രകാശനം ചെയ്യുക.
- ക്ലാസ് പി.ടി.എ ശക്തിപ്പെടുത്തി സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ സഹകരണം ഉറപ്പു വരുത്തുക.

# പ്രവർത്തനകലണ്ടർ

| ക്രമനമ്പർ | പ്രവർത്തനം | നിർവഹണകാലം |
|---|---|---|
| 1. | വായനാക്കളരി | ജൂൺ മുതൽ മാർച്ച് വരെ |
| 2 | എന്റെ ഡയറി / സംയുക്ത ഡയറി | ജൂൺ – മാർച്ച് |
| 3 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 4 | കളിമേളം | ജൂൺ - മാർച്ച് |
| 5 | റീഡേഴ്സ് തിയേറ്റർ | ജൂലൈ – മാർച്ച് |
| 6 | രചനോത്സവം | ജൂലൈ - മാർച്ച് |
| 7 | ക്ലാസ് പത്രം | ആഗസ്റ്റ് — മാർച്ച് |
| 8 | ഒപ്പത്തിനൊപ്പം | ജൂൺ — മാർച്ച് |

1. വായനക്കളരി

| ലക്ഷ്യങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു. | • പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ വായനാ നിലവാരം മനസ്സിലാക്കുന്നു. CPTA യിൽ അവലോകനം ചെയ്യുന്നു. [ജൂൺ] | ക്ലാസ് ടീച്ചർ | |
| • ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നു | • വായനാകാർഡുകൾ നൽകുന്നു. ഗ്രൂപ്പുകളാക്കി വായനാ മത്സരം നടത്തി ഫീഡ്ബാക്ക് നൽകുന്നു. | ക്ലാസ് ടീച്ചർ | പി.ടി.എ |
| • സർഗശേഷി വികസനത്തിന് സാധ്യതയൊരുക്കുന്നു. | • അമ്മയും കുട്ടിയും ചേർന്ന വായന [ജൂൺ അവസാനം] ഓരോ മാസവും രക്ഷിതാവും കുട്ടിയും വീട്ടിൽ നിന്ന് പുസ്തകം വായിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കി CPTA യിൽ അവതരിപ്പിക്കൽ. കുട്ടികൾ അവരുടെ നോട്ടിൽ വായിച്ച പുസ്തകത്തിന്റെ പേര്, കഥാപാത്രങ്ങൾ, ഇഷ്ടപ്പെട്ട കഥാപാത്രം എന്നിവ എഴുതി വരണം. ഏറ്റവും കൂടുതൽ എഴുതിയ കുട്ടിക്കും രക്ഷിതാവിനും സമ്മാനം നൽകുന്നു. | പി.ടി.എ | |
| 2. എന്റെ ഡയറി / സംയുക്തഡയറി | | | |
| • സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | • CPTA യിൽ ഡയറിയെഴുത്തിന്റെ ഘടന പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു. [ജൂൺ മൂന്നാം വാരം]<br>• ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ഭാഷാശേഷി വികസിപ്പിക്കുന്നതിനും സ്വതന്ത്ര രചനാപാടവം വർധിപ്പിക്കുന്നതിനും സാധിക്കുന്നു.<br>• അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാകുന്നു. | • മികച്ച ഡയറിക്കുറിപ്പുകൾ ക്ലാസിലും CPTA യിലും പങ്കു വയ്ക്കുന്നു.<br>• സംയുക്ത ഡയറിയിൽ നിന്നും രക്ഷിതാവിന്റെ സഹായമില്ലാതെ സ്വന്തമായി എഴുതുന്ന ശീലം (എന്റെ ഡയറി – വ്യക്തിഗതം) ഉണ്ടാകുന്നു.<br>• സചിത്ര ഡയറി പുസ്തക രൂപത്തിലാക്കൽ. | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | പി.ടി.എ<br>എസ്.എസ്.കെ |
| 3. പാട്ടരങ്ങ് | | | |
| • താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>• കുട്ടിക്കവിതകൾ വായിച്ചാസ്വദിക്കുകയും രചിക്കുകയും സ്വന്തമായി ആവിഷ്കരിക്കുകയും ചെയ്യുന്നു.<br>• ഈണം, താളം, ഭാവാത്മകത എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.<br>• ടീമിലവതരിപ്പിക്കാൻ അവസരങ്ങൾ ലഭിക്കുന്നു. | • ക്ലാസ് പി.ടി.എ യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.<br>• ഓരോ പാഠഭാഗങ്ങളുമായും അനുയോജ്യമായ സാദൃശ്യമുള്ള ഈണമായ പാട്ടുകൾ കുട്ടികൾ പാടിപ്പഠിച്ച് പാട്ടരങ്ങിൽ അവതരിപ്പിക്കുന്നു.<br>• പ്രാദേശികമായി സംഘടിപ്പിക്കുന്ന സംഗീതോപകരണങ്ങൾ ഉപയോഗിച്ച് CPTA യിലും ക്ലാസിലും പാട്ടരങ്ങ് നടത്തുന്നു.<br>• പാട്ടരങ്ങ് എഴുത്തിന ശില്പശാല സംഘടിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | |

| ലക്ഷ്യം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| **4 കളിമേളം** | | | |
| • കളി നിയമങ്ങൾ പാലിച്ചു കൊണ്ട് നാടൻകളികളിലേർപ്പെടുന്നതിന്<br>• കുട്ടികളുടെ ആരോഗ്യ-കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന്<br>• സംഘബോധം വളർത്തുന്നതിന്<br>• കളി നിയമങ്ങൾ പറയുകയും എഴുതുകയും ചെയ്യൽ | • കുട്ടികൾക്ക് ഓരോ ആഴ്ചയിലും ഓരോ നാടൻ കളികൾ പരിചയപ്പെടുത്തുന്നു<br>• സംഘമായി കളിക്കുന്ന കുട്ടികൾക്ക് അറിയുന്നതും അറിയാത്തതുമായ വ്യത്യസ്ത കളികൾ കളിക്കുന്നു.<br>• കളി നിയമങ്ങൾ പറയുന്നു. നോട്ടിൽ എഴുതുന്നു കളിപ്പതിപ്പ് തയ്യാറാക്കുന്നു<br>• ലഘുവ്യായാമങ്ങൾ ചെയ്യുന്നു | ക്ലാസ് ടീച്ചർ<br>കായികചുമതല യുള്ള ടീച്ചർ | പി.ടി.എ |
| **5. റീഡേഴ്സ് തിയേറ്റർ** | | | |
| • ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• പാഠപുസ്തകങ്ങളിലെയും ലഘു ബാല സാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു | • ക്ലാസ് പി.ടി.എ യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടൽ-പിന്തുണ ഉറപ്പുവരുത്തൽ.<br>• എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്ററിലൂടെ അവതരിപ്പിക്കൽ.<br>• മികച്ച അവതരണങ്ങൾ ക്ലാസ്-സ്കൂൾ തല സദസ്സുകളിൽ അവതരിപ്പിക്കൽ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|---|
| **6. രചനോത്സവം** | | | |
| • എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു<br>• കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | • രചനോത്സവം പ്രവർത്തനങ്ങൾ SRG-യിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു.<br>• സി.പി.ടി.എ-യിൽ രചനോത്സവ പ്രവർത്തനങ്ങൾ പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പു വരുത്തുന്നു.<br>• ഓരോ പാഠഭാഗത്തിന്റെയും പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികളെഴുതുന്ന സ്വതന്ത്ര രചനകൾ മെച്ചപ്പെടുത്തൽ.<br>• ത്രൈമാസ രചനോത്സവം - കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് ടീച്ചർ<br>SRG കൺവീനർ<br>CPTA | PTA |
| **7. ക്ലാസ്പത്രം.** | | | |
| • ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു<br>• രചനാശേഷി വർദ്ധിപ്പിക്കുന്നു<br>• ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തയ്യാറാക്കി എഴുതുന്നു. | • ക്ലാസ് പി.ടി.എ-യിൽ പദ്ധതി അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.<br>• കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താരൂപത്തിൽ എഴുതുന്നു<br>• അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.<br>• ക്ലാസിൽ പത്രം തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | ക്ലാസ്ടീച്ചർ<br>രക്ഷിതാക്കൾ | |
| **8. ഒപ്പത്തിനൊപ്പം** | | | |
| • പഠനപിന്നോക്കക്കാരായ കുട്ടികളെ പഠനപിന്തുണ നൽകി മുന്നോക്കമെത്തിക്കൽ | • ക്ലാസ് പി.ടി.എ-യിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പു വരുത്തൽ.<br>• വ്യത്യസ്ത പഠനപിന്തുണ പ്രവർത്തനങ്ങൾ നടത്തുന്നു- [അക്ഷരക്കളികൾ, മലയാളത്തിളക്കം ... ] | ക്ലാസ് ടീച്ചർ | |

| Aim | Activities | Charge | |
|---|---|---|---|
| . To speak, Read and write English without any mistakes<br>• To enjoy simple rhymes and stories | June to July<br>• Language games, Action songs, Hello English activities<br>• To develope vocabulary give one word one day and find out its meaning and make growing dictionary<br>• Using ICT show simple skit, stories and conversation | Classteacher | |
| • Develop creative speaking and reading | August-September<br>• show different pictures ask questions about picture and make sentences about it - picture description | | |
| • Increase reading skills | • Give simple reading cards, library books - Find out new words rhyming words etc | Parents | |
| | October - November<br>writing skills - self description, picture description, riddles, adding lines<br>December-January<br>Develope creative speaking and writing | | |

STD 2 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|
| • ഗണിത പഠനത്തിൽ താത്പര്യമുണ്ടാക്കുന്നു.<br>• യുക്തിബോധം വളർത്തുന്നു<br>• ഗണിത ചിന്താശേഷി വളർത്തൽ<br>• ഗണിതത്തിന് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ<br>• പ്രായോഗിക ഗണിതപ്രശ്ന പരിഹരിക്കാൻ വ്യത്യസ്ത രീതികൾ പരിചയപ്പെടുന്നു. | • വിവിധ തരം ഗണിത കേളികളിലേർപ്പെടൽ, ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ<br>• ഒരു ദിനം ഒരു ചോദ്യം - കുസൃതികണക്കുകളും പസിലുകളും പരിചയപ്പെടൽ<br>• വിവിധ സംഖ്യാ പാറ്റേണുകൾ കണ്ടെത്തൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>• കച്ചവടക്കളി - ക്ലാസിലൊരു കട - ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു<br>• കലണ്ടർ പതിപ്പ് തയ്യാറാക്കൽ - സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ എന്നിവ രൂപീകരിക്കൽ. | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|---|
| • ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ, ബോധവത്കരണം പോസ്റ്റർ രചന | ക്ലാസ് ടീച്ചർ | |
| • പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം - സ്കൂൾ പരിസര ജലാശയങ്ങൾ | | |
| • നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം - കൃഷിയിടം സന്ദർശിക്കൽ - സ്കൂളിൽ പച്ചക്കറി കൃഷി - കുട്ടിക്കർഷകർ | SRG | |
| ലഘു പരീക്ഷണങ്ങൾ | പാഠഭാഗങ്ങളിലുള്ളതും നിത്യജീവിതവുമായി ബന്ധമുള്ളതുമായ ആശയങ്ങൾ വരുന്ന ലഘു പരീക്ഷണങ്ങളിലേർപ്പെടുന്നു. | | |

# MELADI MLP SCHOOL

# ACADEMIC MASTER PLAN

## STD - III

2025-2026
CLASS TEACHER.

## ആമുഖം

മൂന്നാം ക്ലാസിലെ കുട്ടികളുടെ സർഗ്ഗ വികസനത്തിന് ഓരോ രക്ഷിതാവും അധ്യാപകരും ഊന്നൽ നൽകുന്നു.

എഴുത്ത്, വായന, വര, കളികൾ തുടങ്ങി കഴിവുകൾ എല്ലാം നേടിയെടുക്കാൻ കുട്ടിയെ പ്രാപ്തമാക്കുന്നു. വിദ്യാഭ്യാസ രീതിയിലെ ഈ നൂതന പ്രവർത്തനമാണ്. സർഗ്ഗാത്മക വശങ്ങളുടെ പ്രധാനമായും ഈ പ്രവർത്തനങ്ങളും വശങ്ങളും ഉൾപ്പെടുത്തി വരുന്നു. [illegible] കലയരങ്ങിൽ കുട്ടിയും അധ്യാപകരും രക്ഷിതാക്കളും ഒന്നായി ഒത്തുചേർന്നാൽ ഈ പ്രവർത്തനങ്ങളെ ഫലപ്രദമാക്കാൻ കഴിയും. ഈ വർഷത്തെ കുട്ടികളിൽ ഏതിലെങ്കിലും നടക്കുന്ന സർഗ്ഗാത്മക പ്രവർത്തന തുടർച്ചയിലൂടെ കൂടുതൽ പ്രവർത്തന വിജയം കൈവരിക്കട്ടെ.

STD-3

CLASS III



# Academic master plan - English

**Aim . : To speak, Read, & write English without any mistakes**

**Time - June to march**

## PRETEST

To check the vocabulary and writing skills of pupils.

### June and July

-To develop listening skills & reading skills

***Listening skills***

1-Games, Action songs Hello English activities.

2 -conversations, skit, stories use ICT.

***Speaking skills***

1-Identify the naming words from the picture.

2-Identify the action words from the same pictures.

3-Make simple sentences using the action word and naming words about the picture.

4-Make symbol description about the picture.

5- Growing sentences , picture reading, self introduction Assembly are also cconducted.

ACTIVITIES - speech , book review, quiz riddles,self introduction. School radio etc.

## August and September

Develop the creative speaking and writing

***Reading skills***

1-News paper reading, library books reading, book review, reading breaking news,

2-find words.

3-collect and read past tense,

4-rhyming words,

5-describing words etc

6-Textbook activities

***Writing skills***

1-Make word web,

2-picture description with describing words,

3-word chain sentence chain,

4-make words,& sentences

5-make riddles, conversations,

4-Add more lines.

ACTIVITIES -speech, book review, quiz riddles,self introduction. School radio, makes description, magazines etc.

**August and September**

Develop the creative speaking and writing

***Reading skills***

1-News paper reading, library books reading, book review, reading breaking news,

2-find words.

3-collect and read past tense,

4-rhyming words,

5-describing words etc

6-Textbook activities

***Writing skills***

1-Make word web,

2-picture description with describing words,

3-word chain sentence chain,

4-make words,& sentences

5-make riddles, conversations,

4-Add more lines.

ACTIVITIES -speech, book review, quiz riddles,self introduction. School radio, makes description, magazines etc.

## October and November

To express thoughts feelings etc.

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit, stories use ICT materials

3-Reads breaking news,

4--develop story,

5-Read notice

***Writing skills***

1-description ,

2-notice proclamation,

3-Thought

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits etc.

## December and January

1-Develop the creative speaking and writing

2-To express thoughts feelings etc

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit  stories use ICT materials

3-Reads breaking news,

4--develop story,

5-Reads diary

6-Reads letters from friends

***Writing  skills***

1-diary

2-letter

3-Announcement,

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits , class room, post office, etc.

## February and march

To improve the presentation power.

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news,

4--develop story,

5-Reads diary

6-Reads letters from friends

***Writing skills***

1-diary

2-letter

3-Announcement

4--description ,

5-notice proclamation,

6-Thought

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits , classroom post office , exhibition, etc.

Meladi. M.L.P. School

# അക്കാദമിക മാസ്റ്റർ പ്ലാൻ

Class IV

2025-2026

T.V. Nimisha Teacher

# ആമുഖം.

വിദ്യാഭ്യാസം എന്നതു കൊണ്ട് നാം ഉദ്ദേശിക്കുന്നത് കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ്. പഠനത്തോടൊപ്പം തന്നെ കുട്ടിയെ സമൂഹത്തിനുതകുന്ന രീതിയിൽ ജീവിതനൈപുണികൾ നേടിക്കൊണ്ട് ഭാവി ജീവിതത്തിന് വേണ്ടി പാകപ്പെടുത്തിയെടുക്കുക എന്നതാണ്. അതിനുപരിയായി ഭാഷ, ഗണിതശേഷികൾ പാഠപുസ്തക പ്രവർത്തനങ്ങൾക്കൊപ്പം ഒരു പടി ഉയരത്തിലെത്തിക്കാനായി തയ്യാറാക്കിയ പ്രവർത്തനങ്ങളാണ് ഇവ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിവിധ വിഷയങ്ങൾക്കായി വ്യത്യസ്ത കാലയളവുകളിൽ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്ന രീതിയിലാണ് ഇവ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ അടിസ്ഥാനശേഷികൾ നേടിയെടുക്കാനും ഊട്ടിയുറപ്പിക്കാനും ഇത് ലക്ഷ്യം വയ്ക്കുന്നു.

— ക്ലാസ് ടീച്ചർ

വിഷയം : മലയാളം

| Sl. No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ അവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നത് വരെ. | |
| 2. | വായനയിലൂടെ ശേഷി വളർത്തൽ ഒഴുക്കോടെയുള്ള വായനാ ശേഷി നേടൽ | ഭിന്ന നിലവാരക്കാർക്കായി പ്രത്യേക വായനാകാർഡുകൾ തയ്യാറാക്കി വായനപ്രവർത്തനങ്ങൾ നടത്തുന്നു<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>റീഡേഴ്സ് തിയേറ്റർ<br>ലൈബ്രറി പുസ്തക വായന<br>ക്ലാസ് വായനക്കൂട്ടങ്ങളിലൂടെ വായനാപ്രവർത്തനങ്ങൾ സജീവമാക്കൽ. | വർഷം മുഴുവൻ | |

| | | | | |
|---|---|---|---|---|
| 3. ലേഖന പരിപോഷണ പ്രവർത്തനങ്ങളിലേർപ്പെടൽ | പാഠഭാഗവുമായി വരുന്ന വിവിധ തരം വ്യവഹാരരൂപങ്ങൾ തയ്യാറാക്കൽ.<br>പ്രതിമാസ കൈയ്യെഴുത്ത് മാസിക (കുട്ടികളുടെ സർഗാത്മക രചനകൾ ചേർത്ത് കൊണ്ട്) | വർഷം മുഴുവൻ<br>പ്രതിമാസം | | |
| 4. സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിച്ച് അവരെ അടുത്തറിയൽ | ഓർമ ദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക പരിചയം<br>ക്വിസ്<br>ജീവിതരേഖാപതിപ്പ് നിർമാണം. | ആവശ്യാനുസരണം | | |
| 5. സർഗോത്സവം.<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷി പ്രദർശനം | മാസത്തിലൊന്ന് | | |
| 6. രചനോത്സവം | വ്യത്യസ്ത വ്യവഹാരരൂപങ്ങളുടെ രചനകളിലേർപ്പെടൽ | വർഷത്തിലൊന്ന്. | | |

Subject : English

| Sl. No | Objective | Activities | Duration | Charge |
|---|---|---|---|---|
| 1. | To attain the ability to read, to write and to speak English effectively. | English assembly once in a month | Every month | |
| 2. | To attain the ability to write without making any mistakes. | Diary writing. in English. | Thrice in a week | |
| 3. | Developing the creative writing. | According to the T.B activities engaging the students in various activities. | Throughout one year. | |
| 4 | Developing the english writing skill. | writing various writing activities in relation with certain Programmes in school and with T.B activities. | One year. | |

| | | | | |
|---|---|---|---|---|
| 5. | Reading enrichment programme | Preparing reading corner by collecting books that are suitable for the kids. Making reading situation in the class room. Sharing reading experience. | One year. | |
| 6. | English Fest. | Make the students to write, and to perform their skill in English. | Once in a year. | |

വിഷയം: ഗണിതം.

| Sl. No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമാണം.<br>3) ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ-മാർച്ച്<br>ജൂലൈ-മാർച്ച്<br>വർഷം മുഴുവൻ | |
| 2. | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) വ്യത്യസ്ത സാമഗ്രികൾ ഒരുക്കൽ | വിവിധതരം കളികൾ അനുരൂപണം ചെയ്ത് നടപ്പാക്കൽ<br>മൂല്യനിർണയം (ഏണിയും പാമ്പും, ചെസ് കളി, കച്ചവടക്കളി) | വർഷം മുഴുവൻ | |
| 3. | ഗണിതലാബ്<br>ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | വിവിധ പഠനോപകരണങ്ങൾ നേടാൻ ഉപയോഗപ്പെടുത്തൽ | ,, | |

[illegible]

| | | | | |
|---|---|---|---|---|
| 4 | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം. | ആവശ്യാനുസരണം. | |
| 5. | ഗണിതശേഷികളുടെ പ്രകടനം ഗണിതക്ലബ് പ്രവർത്തനങ്ങളിലേർപ്പെടൽ ഗണിതമേള | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന്. | |

വിഷയം : പരിസരപഠനം

| Sl. No | ലക്ഷ്യം. | പ്രവർത്തനം | കാലം. |
|---|---|---|---|
| 1. | ശാസ്ത്രമേള<br>ശാസ്ത്ര പഠനം ഫലപ്രദവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ. |
| 2. | നിരീക്ഷണം - അറിവ് നിർമാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | |
| 3. | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ദിനാചരണങ്ങൾ, പഠനോപകരണങ്ങൾ, പരീക്ഷണം എന്നിവയുടെ പ്രദർശനം | ആവശ്യാനുസരണം |
| 4. | ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണത്വര വർധിപ്പിക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ - സന്ദർശനം.<br>ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ എന്നിവ പ്രദർശനം, ശേഖരണം | വർഷം മുഴുവൻ. |

[illegible]

**വിഷയം: ഗണിതം** **ക്ലാസ്: 3**

ലക്ഷ്യം: 1

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു ;നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു;യുക്തി സമർപ്പിക്കുന്നു പാറ്റേണുകൾ വരയ്ക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| | **പ്രവേശനോത്സവം**<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം.രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.<br>• തോണി നിർമ്മാണം; രൂപങ്ങൾ കണ്ടെത്തൽ ;<br>• ഗണിതരൂപങ്ങൾ ഉപയോഗിച്ച വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ.<br>• ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം ; ചിത്രപാറ്റേണുകൾ പരിചയപ്പെടൽ;<br>• ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ.<br>• ജിയോ ബോർഡ് നിർമ്മാണം.<br>• വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ.<br>• തീപെട്ടി കമ്പ് ഉപരോധിച്ചു കൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ജൂൺ |

**ലക്ഷ്യം 2: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നിശേഷികൾ ഉറപ്പിക്കുക.**

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനകളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക | ജൂലായ് |
| 2 | നറുക്കെടുക്കാം<br>- സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>- കിട്ടിയ സംഖ്യ വായിക്കാം.<br>- മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br>- സംഖ്യ നറുക്ക് എടുക്കുന്നു.<br>- കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| 4 | പാറ്റേൺ പൂർത്തിയാക്കാം<br>- വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | ജൂൺ - സെപ്റ്റംബർ |
| 5 | ക്രമത്തിലാക്കാം<br>- വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>- ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. | ജൂൺ - ഓഗസ്റ്റ് |

**ലക്ഷ്യം 3:- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.**

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം.<br>- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>- കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ,2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | ജൂൺ |
| 2 | സംഖ്യാ സൂര്യൻ<br>- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച്ച |
| 3 | ക്രമീകരിക്കാം<br>-അബാക്കസ് നിർമ്മാണം<br><br>-സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ - സെപ്റ്റംബർ |

ലക്ഷ്യം 3 :- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>- ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>- സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>- ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>- പ്രയാസങ്ങൾ ഗ്രൂപ്പിൽ /അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| 2 | സമയ ചക്രം<br><br>- ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു | ജൂലൈ |

ലക്ഷ്യം 4 :-
മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സംഖ്യ ചക്രം<br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | ജൂലൈ - മാർച്ച് |
| 2 | ഭാഗ്യവാനെ കണ്ടെത്താം<br>- അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ _ ഫെബ്രുവരി |
| 3 | ജോഡികണ്ടെത്താം<br><br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.'<br>- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

**വിഷയം: പരിസര പഠനം** **ക്ലാസ് : 3**

ക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് ാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ രംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| l O | പ്രവർത്തനം | കാലയളവ് |
|---|---|---|
| . | **ഞാനും എൻറെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം ;സ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

ക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>- നട്ട വൃക്ഷതൈ പരിപാലിക്കൽ. | ജൂൺ |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| **SI NO** | **പ്രവർത്തനം** | **കാലയളവ്** |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം: 4
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കളം, വയൽ, കാട്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ - |

| | | |
|---|---|---|
| | - ക്യാമ്പ്<br>- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഫെബ്രുവരി |
| 4 | പക്ഷി നിരീക്ഷണം<br>- ക്യാമ്പ്<br>- പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി-മാർച്ച് |

ക്ലാസ് : 3 വിഷയം:മലയാളം

**ലക്ഷ്യം** : നാടൻപാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിക്കും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക
- പഴഞ്ചൊല്ലുകളും നാട്ടു മൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം, വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **<u>വായ്ത്താരി ചന്തം</u>**<br>• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br>**<u>വായ്ത്താരി മേളം</u>**<br>• ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗവേള, ബാലസഭ എന്നിവയിൽ അവതരണം.<br>• വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>• നാടൻപാട്ട് ശില്പശാല<br>• പാവനാടകം പരിചയപ്പെടുത്തൽ<br>• പാവനാടക അവതരണം | ജൂൺ |
| 2 | **<u>പഴഞ്ചൊൽ പൊലിമ</u>**<br>• പഴഞ്ചൊല്ലുകൾ ശേഖരണം<br>• പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്ക്കാരം<br>**<u>ഒരു ദിനം ഒരു പഴഞ്ചൊല്ല്</u>**<br>• കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>• പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം | ജൂൺ -ജൂലായ് |

| | | |
|---|---|---|
| 3 | <u>**റീഡേഴ്സ് തീയേറ്റർ**</u><br>• കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു.<br>• വായന അവസരം<br>• കഥാപാത്ര വിശകലനം<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ<br>• ആരാണ് നരേറ്റർ<br>• നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ.<br>• സ്ക്രിപ്പ് റ്റ് രചന<br>• സ്ക്രിപ്റ്റ് വായന<br>• അവതരണം. | ജൂലായ് |
| 4 | <u>**കടങ്കഥ**</u><br>• കടങ്കഥ മുൻ അറിവ് പരിശോധന<br>• വിവിധ മേഖലകളുമായ് ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.<br>• കടങ്കഥ നിർമ്മാണം<br>• കടങ്കഥ പതിപ്പ് തയ്യാറാക്കൽ<br>• കടങ്കഥ ശിൽപ്പശാല<br>• വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം<br>• ഡോക്യുമെന്ററി പ്രദർശനം.<br>• കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം. ആൽബം തയ്യാറാക്കൽ | ജൂലായ് -ആഗസ്റ്റ് |
| 5 | <u>**കഥോത്സവം**</u><br>• നാട്ടുകഥകൾ ശേഖരണം<br>• നാട്ടുകഥകൾ അവതരണം<br>• കഥാപാത്ര ചിത്രീകരണം<br>• സ്വന്തം ആശയത്തിൽ കഥാവതരണം<br>• കഥാപൂരണം<br>• കേട്ട കഥകൾ പാവനാടകമാക്കി അവതരിപ്പിക്കൽ<br>• കഥ കഥ... കഥ...കഥോത്സവ്<br>• നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു.<br>• ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു.<br>• ഓരോ കഥയുടെയും അവതരണത്തിനു ശേഷം ഉള്ളടക്ക ചർച്ച | ആഗസ്റ്റ് |
| 6 | <u>**നിഘണ്ടു പരിചയം**</u><br>• മലയാള അക്ഷരങ്ങൾ അകാരിദ ക്രമത്തിൽ എഴുതുന്നു.നിർദ്ധിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. | ജൂലായ് - മാർച്ച് |

**ലക്ഷ്യം : ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക**

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | • കുട്ടി കേട്ട ഒരു കഥ പറയൽ<br>• അവധിക്കാല അനുഭവങ്ങൾ പറയൽ<br>• ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്) | ജൂൺ |
| 2 | • രക്ഷിതാക്കളുടെ സഹായത്താൽ അക്ഷര കാർഡുകൾ നിർമ്മിച്ചു നൽകുന്നു . വളരുന്ന അക്ഷരമരം (ഒരു കുട്ടിക്ക് ഒരു കൊമ്പ് ) ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക<br>• നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ<br>• വീട്ടിലും ഒരു അക്ഷര മരം (രക്ഷിതാവ് )<br>• വീഡിയോ പ്രദർശനം (വാട്സപ്പ് ) | ജൂലൈ |
| 3 | • രക്ഷിതാക്കൾ , കുട്ടികൾ , എന്നിവർക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശിൽപ്പശാല നടത്തുന്നു . തയ്യാറാക്കിയവയുടെ പ്രദർശനം<br>• അക്ഷര പൂരണം ( ചിത്രങ്ങൾ നൽകി )<br>• അക്ഷര കാർഡുകൾ നൽകി വാക്കു നിർമ്മാണം | ആഗസ്റ്റ് |
| 4 | • വളരുന്ന അക്ഷര ലൈബ്രറി ( ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു ) . അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പാത്രങ്ങൾ , മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു . വായിക്കുന്നു<br>• ഓണപ്പതിപ്പ് ( ചിത്രങ്ങൾ , പദങ്ങൾ , പാട്ടുകൾ)<br>• ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു . പേരുകൾ എഴുതുന്നു ) | സെപ്റ്റംബർ |
| 5 | • ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ) വായിക്കൽ<br>• പദ ചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>• ആഭരണം അണിയിക്കാം ( ചിഹ്നങ്ങൾ | ഓക്ടോബർ |

| | | |
|---|---|---|
| | ചേർക്കുന്ന പ്രവർത്തനം )<br>• ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം<br>• തെറ്റ് തിരുത്തൽ | |
| 6 | • ചിത്രവായന<br>• ചിത്രം നോക്കി കഥ പറയാം<br>• ഗ്രൂപ്പിൽ പറയുന്ന പദം മറ്റു ഗ്രൂപ്പുകാർ പുസ്തകം , വായനാ കാർഡ് നോക്കി പറയൽ<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ ( കഥയിൽ ആരൊക്കെ ) , സംഭാഷണം | നവംബർ |
| 7 | • കൂട്ട വായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു<br>• വായന ചങ്ങല - വായനാ കാർഡ് നൽകൽ<br>• ചിത്രം നൽകി വിവരണം എഴുതൽ | ഡിസംബർ |
| 8 | • ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ<br>• രക്ഷിതാക്കൾക്ക് കവിത രചന മത്സരം - തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡ് ആക്കൽ<br>• വായന കാർഡിൽ വരികൾ കൂട്ടി ചേർക്കൽ . രക്ഷിതാക്കളും കുട്ടികളും ആലപിച്ചവതരണം | ജനുവരി |
| 9 | • കുഞ്ഞു വായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു . ചിത്രങ്ങൾക്ക് താഴെ കഥാ സന്ദർഭം എഴുതി പൂർത്തിയാക്കൽ<br>• കൈയെഴുത്തു മാസിക<br>• ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക<br>• കഥ പൂർത്തിയാക്കൽ<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും | ഫെബ്രുവരി |
| 10 | • വായനാക്കളരി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനക്കാർഡ് നിർമ്മാണം ,<br>• കഥാരചന അവതരണം | മാർച്ച് |

MELADI MLP SCHOOL

HALAWA

# ACADEMIC MASTER PLAN
# ARABIC

SHAMEER YAKAYAD- ARABIC TEACHER.

2025- 2026

[illegible]

① അറബിക് ഭാഷ സ്വതന്ത്രമായി വായിക്കാൻ എല്ലാവർക്കും സാധ്യമാവുക.
② അറബിക് എഴുത്ത് രീതി മനസ്സിലാക്കാനും പരിശീലിപ്പിക്കുന്നു.
③ അറബിക് വിവരണം, കഥ, കവിത, സംഭാഷണം എന്നിവ തയ്യാറാക്കുക.

| കാലയളവ് | ഉപ ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രതീക്ഷിത നേട്ടങ്ങൾ | സഹായകരം. |
|---|---|---|---|---|
| ജൂൺ 1-10 | ലിപി നിർണയം മുന്നറിവ് പരിശോധന | പ്രീ-ടെസ്റ്റുകൾ STD-I-IV ഓർമ്മിപ്പിക്കുന്നു, വായിക്കൽ. | 25ൽ കൂടുതൽ വാക്കുകൾ, സ്വതന്ത്ര വായന | രക്ഷിതാക്കൾ |
| ജൂൺ 11-25 | വായനയെ പരിപോഷിപ്പിക്കുക | അക്ഷര കാർഡുകൾ വായിക്കുക ഉച്ചാരണ ശുദ്ധിയോടെ വായന വായന ചാർട്ടുകൾ തയ്യാറാക്കൽ. | ഞാൻ വായിച്ചു വായന കാർഡുകൾ, പദ ശേഖരണം. | CPTA അംഗങ്ങൾ. |
| ജൂൺ 26 to ജൂലായ് 10 | സ്വതന്ത്ര വായനാശേഷി നേടുക. | ഒരു വർഷത്തെ ദിനാചരണങ്ങൾ പരിചയപ്പെടുക. ഉല്പന്നങ്ങളുടെ പേരുകൾ കണ്ടെത്തി എഴുതി വായിക്കുക. | 100 പദങ്ങൾ വിദ്യാർത്ഥികൾ സ്വന്തമായി കണ്ടെത്തി വായന ചാർട്ട് തയ്യാറാക്കുന്നു. | PTA അംഗങ്ങൾ. |

| കാലയളവ് | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രതീക്ഷിത നൈപുണികൾ | സഹായങ്ങൾ |
|---|---|---|---|---|
| ജൂലായ് 11 to 25 | ഓണത്തിന് എഴുത്ത് രീതി വളർത്തിയെടുക്കൽ. | പദങ്ങളിലൂടെ എഴുതാം. ഒന്നാമത് എഴുതി കളി. രണ്ടാമത് എഴുതാം. | നല്ല കൈയ്യെഴുത്തും എഴുത്ത് രീതി കൈവന്നിരിക്കുന്നു. | അക്കാദമിക അദ്ധ്യാ-പകർ |
| ജൂലായ് 26 ആഗസ്റ്റ് 20 | ലഘു വിവരണങ്ങൾ പ്രസ്താവിച്ച് തയ്യാറാക്കാൻ സാധിക്കുക. വിവരണ വായന | ഓണത്തി വിവരണങ്ങൾ കാണുക. വിദ്യാർത്ഥി പദങ്ങൾ ശേഖരിക്കുക. വിവരണം അവതരണം. യാത്രാ വിവരണം എഴുതുക. പരിശീലന ടെസ്റ്റ് നടത്തുക. | വിവരണ ചാർട്ടുകൾ വായിക്കുക. ലഘു വിവരണ പുസ്തകം. | ഗ്രൂപ്പ് ടീച്ചേഴ്സ് രക്ഷിതാക്കൾ |
| ആഗസ്റ്റ് 21 ആഗസ്റ്റ് 31 വരെ | ഓണത്തിന് പദസമ്പത്ത് വർദ്ധിപ്പിക്കൽ, പരമാവധി പദങ്ങൾ പ്രയോഗിക്കൽ | കഥാ പൂർത്തീകരണം. ഡിക്ഷ്ണറി നിർമ്മാണം. പദ പ്രയോഗം. ഒരു ദിനം ഒരു വാക്ക്. പറയാം അറിയാം. എഴുതാം വായിക്കാം. | ഓണത്തിന് ഡിക്ഷ്ണറി. പദ ചാർട്ട്. | |

| കാലയളവ് | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | [illegible] | [illegible] |
|---|---|---|---|---|
| സെപ്തംബർ 01 മുതൽ 20 വരെ | ലഘു സംഭാഷണങ്ങൾ വായിക്കാനും തയ്യാറാക്കാനും അവതരിപ്പിക്കാനും കഴിവ് നേടുക. | • സംഭാഷണ പൂർത്തീകരണം<br>• സംഭാഷണ പരിചയം<br>• അഭിനയ കളരി<br>• സംഭാഷണ വായന<br>• സംഭാഷണം തയ്യാറാക്കൽ.<br>• ഉച്ചാരണ വ്യായാമങ്ങൾ | • സ്വതന്ത്രമായി സംഭാഷണത്തിൽ ഏർപ്പെടുന്നു.<br>• സംഭാഷണം പൂർത്തീകരിക്കുന്നു. | ഫ്ലാഷ് കാർഡ്സ് & ചിത്രങ്ങൾ. |
| സെപ്തംബർ 21 മുതൽ സെപ്തംബർ 30 വരെ | കൊച്ചു കവിതകൾ പൂർത്തീകരിക്കാനും തയ്യാറാക്കാനും കഴിവ് നേടുക. | • കവിതാലാപനം<br>• കവിതാ പൂരണം.<br>• കവിതകളിൽ ഒരേ ഈണത്തിൽ / പ്രാസത്തിൽ ആശയത്തിൽ വന്ന വരികൾ കണ്ടെത്തി എഴുതിക്കുക.<br>• കവിതാ രചന | • ലഘു കവിതാ ശേഖരണം.<br>• പൂർത്തീകരിക്കപ്പെട്ട കവിതകളുടെ ചാർട്ടുകൾ<br>• കവിതാലാപനം. | • ICT<br>• പൂർവ വിദ്യാർത്ഥികൾ<br>• ഗായകർ |
| ഒക്ടോബർ 1 മുതൽ 23 വരെ | 12 ദിനാചരണങ്ങൾ പരിചയപ്പെടുക. ഭാഷാ പരിജ്ഞാനം | • ദിനാചരണ ചാർട്ടുകൾ തയ്യാറാക്കുന്നു.<br>• ദിനാചരണങ്ങളുടെ പ്രാധാന്യം: അവതരണം<br>• ഡോക്യുമെന്ററി. | • ദിനാചരണ ചാർട്ടുകൾ.<br>• ദിനാചരണ പരിജ്ഞാനം | • ഫ്ലാഷ് കാർഡ്സ് & • ചിത്രങ്ങൾ. |

| കാലയളവ് | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രതീക്ഷിത - തെളിവുകൾ | സഹായകം-ന്നാ |
|---|---|---|---|---|
| ഒക്ടോബർ 24 മുതൽ നവംബർ 26 വരെ | • അറബിക് അക്ഷരങ്ങൾ അക്ഷരത്തിലൂടെ അക്ഷരത്തിലൂടെ എഴുതാനും വായിക്കാനും സാധിക്കുക. | • അർഖാമുകൾ അറിയാം. • സംഖ്യാ ഗണിതിലൂടെ. • സങ്കലനം; വ്യവകലനം • എണ്ണിപറയാം. • എത്രയെത്ര...? • എണ്ണി പറയാം. | • അറബിക് അക്ഷരങ്ങൾ പ്രിന്റ് വഴി • എണ്ണി അവതരിപ്പിക്കുന്ന വീഡിയോകൾ • അക്ഷരചാർട്ടുകൾ | • ഇഷാഖ് [illegible] & • രക്ഷിതാക്കൾ • CPTA അംഗങ്ങൾ. |
| നവംബർ 27 ഡിസംബർ 25 | • പിന്നോക്ക നിലവാരത്തിലുള്ള വിദ്യാർത്ഥികളെ മധ്യമ / മുന്നോക്ക നിലവാരത്തിൽ എത്തിക്കൽ. | • ചില നിർണയ രേഖ • അക്ഷരങ്ങൾ കണ്ടെത്താം • വായിച്ചു നിറമിടാം • പദങ്ങൾ എഴുതാം. • അക്ഷര കളികൾ. • വായിക്കാം സമ്മാനം നേടാം | • വായന കാർഡ് • വായന ചാർട്ട് • അറബിക് കോർണർ • ഓരോ കുട്ടിയുടെയും വായനകൾ. | രക്ഷിതാക്കൾ, P.T.A കമ്മിറ്റി, പൂർവ്വ വിദ്യാർത്ഥികൾ. |
| ഡിസംബർ 26 to ജനുവരി 24. | അറബിക് കഥകൾ വായിക്കാനും ആസ്വദിക്കാനും സാധിക്കുക. | • ചിത്രകഥകളിലൂടെ • പുസ്തക പരിചയം • കഥാപാത്രങ്ങളെ കണ്ടെത്താം. • കഥാ പൂരണം. | • കഥാ പൂരണ ചാർട്ടുകൾ. • കഥകൾ വായിക്കാനും ആസ്വദിക്കാനും സാധിക്കുന്നു. | • ക്ലാസ് ടീച്ചർ • രക്ഷിതാക്കൾ. |

| മാസം | ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രതീക്ഷിത ഉൽപ്പന്നങ്ങൾ | സഹകരണം |
|---|---|---|---|---|
| ജനുവരി 25 മുതൽ ഫിബ്രവരി 28 വരെ | സർഗാത്മകതയെ പരിപോഷിപ്പിക്കൽ- അറബിക് ഭാഷാ ആസ്വാദനം | • കവിതകളും ഗാനങ്ങളും കേൾക്കാം; ആസ്വദിക്കാം. • പാട്ടരങ്ങ് - സ്കൂൾ തലം. • കവി ഗോഷ്ഠിയിലൂടെ... • ഡോക്യുമെന്ററി | • ശിശു പാട്ടുകാർ • കലാ പ്രതിഭകൾക്ക് അവസരം ഒരുക്കൽ. • അറബിക് മാഗസിൻ • കവിതാവിഷ്കാരം. | രക്ഷിതാക്കൾ, കലാകാരന്മാർ |
| മാർച്ച് 1 മുതൽ മാർച്ച് 25 വരെ. | പഠനോത്സവം. ശിശുവുത്സവം. പ്രതിഭകൾക്ക് ആദരം • മൂല്യ നിർണയത്തിന് ആധാരമാക്കൽ • അറബിക് ഭാഷാ തുടർ പഠനത്തിന് പ്രോത്സാഹനം | • ഉല്പന്നങ്ങളുടെ പ്രദർശനം. • പഠനോല്പന്നങ്ങളുടെ അവതരണം. • വാർഷിക മോഡൽ ടെസ്റ്റുകൾ. • പ്രതിഭകളുടെ അവതരണം- ആദരിക്കൽ • അറബി ഭാഷാ പഠന സാധ്യതകൾ-പ്രദർശനം • സ്കിറ്റ് - സമാപനം. | • ശിശു ഉല്പന്നങ്ങൾ • മൂല്യ നിർണയ പ്രക്രിയ • അറബിക് സംഭാഷണം, കവിത, കഥ, വിവരണം • അറബിക് പ്രതിഭകളുടെ അനുഭവങ്ങൾ, സൃഷ്ടികൾ...etc. | രക്ഷിതാക്കൾ, CPTA, ക്ലാസ് ടീച്ചേഴ്സ്, പൂർവ്വ വിദ്യാർത്ഥികൾ |